പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 546 30-06-2016-ന് മറുപടിയ്ക്ക്

**മണിയാറൻകുടി - ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തികൾ**

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇടുക്കിയിൽ വനംമേഖലയിലൂടെ കടന്നുപോകുന്ന മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് LAC-ADS-ൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മണിയാറൻകുടി-ഉടുമ്പന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് LAC-ADS-ൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടപടികൾ ഏതു ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി റോഡിന്റെ പണികൾ ആരംഭിക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്. ടി അനുമതി ലഭ്യമായിട്ടില്ല. അത് ലഭ്യമായാൽ മാത്രമേ റോഡ് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | യഥാകാലം പുനരുദ്ധാരണ പ്രവൃത്തികൾ നടക്കാതിരുന്നതു മൂലമുള്ള റോഡിന്റെ ദുർഘടാവസ്ഥ കണക്കിലെടുത്ത് ഭരണാനുമതി ലഭിച്ചിട്ടുള്ള തുക വിനിയോഗിച്ച് അടിയന്തരമായി റോഡുപണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ